LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജലസംഭരണ സംവിധാനങ്ങൾ

29 (*89) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചുനിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 100 കോടി രൂപ വകയിരുത്തിയ 2014-15 ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പ്രോജക്ടുകൾ നടപ്പാക്കിയെന്ന് അറിയിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ പദ്ധതിക്കായി എത്ര തുക നൽകിയെന്നും അതിനു സ്വീകരിച്ച മാനദണ്ഡവും അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ-സി) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചു നിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾപ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങളൊരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 'ജലസമൃദ്ധ കേരളം' പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തിയതായി 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

30(*90) ശ്രീ. എം. എ. ബേബി :
ശ്രീ. കോടിയേക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) തുടങ്ങുന്നതിൽ പുരോഗതിയുണ്ടായിട്ടുണ്ടോ എന്നതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) എയിംസ് അനുവദിക്കാനായി കേന്ദ്രസർക്കാർ എന്തെല്ലാം നിബന്ധനകളാണ് വെച്ചിരുന്നതെന്നും, അവ പാലിക്കുവാൻ കഴിയാതെ പോയതിന്റെ കാരണങ്ങളും വിശദമാക്കാമോ;

(സി) അടുത്ത സാമ്പത്തിക വർഷമെങ്കിലും എയിംസ് അനുവദിപ്പിക്കാനായി എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ&ബി) കേരളത്തിൽ ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ കിനാശ്ശേരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലവും തിരുവനന്തപുരം പെയ്യാറ്റിൻകര നെട്ടകാൽത്തേരിയിലുള്ള ഗുരു ജയിലിനോടനുബന്ധിച്ചുള്ള സ്ഥലവും കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലവും എറണാകുളം ജില്ലയിൽ എച്ച്.എം.റ്റി.-യുടെ അധീനതയിലുള്ള സ്ഥലവും അനുയോജ്യമാണെന്ന് കണ്ടെത്തി 17-7-2014-ലെ സ.ഉ. (എംഎസ്.) നം. 220/14/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഭൗതികശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള സൗകര്യങ്ങൾ, റവന്യൂ രേഖകൾ എന്നിവ പരിശോധിക്കുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള റിപ്പോർട്ടാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ധ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിച്ച് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രിയുടെയും തലത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്കും കത്തുകൾ അയയ്ക്കുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി നേരിട്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ സന്ദർശിച്ച് കേരളത്തിന് എയിംസ് അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. എന്നാൽ 2015-16-ലെ ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച അഞ്ച് പുതിയ എയിംസ് സ്ഥാപനങ്ങൾ ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ആസ്സാം, തമിഴ്നാട് എന്നിവിടങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും കേരളത്തെ അടുത്ത ഘട്ടത്തിൽ പരിഗണിക്കുമെന്നുമാണ് 7-5-2015-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിന് ഉറപ്പുനൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയ ബന്ധിതമായിത്തന്നെ സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. എന്നിട്ടും ആദ്യഘട്ടത്തിൽത്തന്നെ എയിംസ് കേരളത്തിന് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനമുണ്ടാകാത്തതിന് വ്യക്തമായ കാരണങ്ങൾ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല.

(സി) എയിംസ് അനുവദിക്കുന്ന കാര്യത്തിൽ അടിയന്തര ഉടൻ നടപടി സ്വീകരിക്കണമെന്നും അടുത്ത ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണമെന്നും 11-12-2015-ൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെയും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെയും നേരിൽക്കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.പി. സംവിധാനം

1(698) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ മതിയായ ജീവനക്കാരെ നിയമിച്ച് ഐ.പി. സംവിധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പെരിങ്ങോം താലൂക്കാശുപത്രിയിൽ നിലവിൽ ഐ.പി. സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഒരൊഴിവും അസിസ്റ്റന്റ് സർജൻ തസ്തികയിൽ മൂന്ന് ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകളുമാണുള്ളത്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. നിയമനം വഴിയോ പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതു വഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി ഒഴിവുള്ള പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികകളായ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനംവഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly